## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 268

20.03.2015 – ൽ മറുപടിയ്ക്ക്

## കയർ വ്യവസായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കാവ്യർകുഞ്ഞുമോൻ<br>,, എ.എ.അസീസ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി |
| എ) കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; | എ) കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>1. <u>വിപണനം, പ്രചരണ പരിപാടികൾ, വ്യാപാര മേളകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം</u><br><br>കയർ മേഖലയുടെ സമഗ്രവികസനത്തിനായി വിപണി ശക്തിപ്പെടുത്തുക, മേഖലയുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക ഇവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം<br><br>2 <u>കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനക്കുള്ള വിപണി വികസന സഹായം</u> (Market Development Assistance - MDA) <u>(50% സംസ്ഥാന വിഹിതം)</u><br><br>ഭാരതസർക്കാർ നൽകിവന്ന റിബേറ്റിനു പകരം കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വാർഷിക വിൽപ്പനയുടെ (3 വർഷത്തെ വിൽപ്പനയുടെ ശരാശരി) 10% തുക വിപണന വികസന സഹായമായി നൽകുന്നു. വിപണന വികസന ധനസഹായമായി കേന്ദ്ര സർക്കാരും |

| | |
|---|---|
| | സംസ്ഥാന സർക്കാരും 50:50 എന്ന<br><br>എന്ന അനുപാതത്തിൽ വഹിക്കുന്നു. കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനും വിപണി വികസന പരിപാടികൾക്കും മറ്റും വ്യവസ്ഥകൾ പ്രകാരം ഈ തുക വിനിയോഗിക്കാവുന്നതാണ്.<br><br>**3. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ്**<br><br>വൈവിധ്യമാർന്ന മൂല്യവർദ്ധിത കയറുൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും, ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, കയർ മേഖലയുടെ മൊത്തത്തിലുള്ള അഭിവൃദ്ധിക്കുമുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾക്കും ഈ പദ്ധതി ലക്ഷ്യമിടുന്നു.<br><br>**4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ**<br><br>നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെ ആധുനീകവൽക്കരണം/വിപുലീകരണം/ വൈവിദ്ധ്യവത്കരണം, പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി കയർ മേഖലയിലെ ചെറുകിട ഉൽപ്പാദകർക്ക് ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പയെടുക്കുന്നതിന് വ്യവസ്ഥകൾ പ്രകാരം 50% വരെ മാർജിൻമണി വായ്പയായി നൽകുന്നതിന് ഈ പദ്ധതി ഉദ്ദേശിക്കുന്നു.<br>**5. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം**<br><br>കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉൽപ്പാദകർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവയിലൂടെ ആധുനികവത്കരണം, വൈവിദ്ധ്യവൽക്കരണം, പുനസംഘടന, പുനരുജ്ജീവനം എന്നിവയ്ക്ക് ഈ പദ്ധതി പ്രകാരം പ്രോജക്ട് അധിഷ്ഠിത ധനസഹായം നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും, ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും, നാളികേര തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനും, കയർ സഹകരണ സംഘങ്ങളുടെ വിവിധ പുനരുജ്ജീവന പരിപാടികൾക്കും ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നു. |

| | |
|---|---|
| | <u>6 ഉത്പാദനവും വിപണന പ്രചോദനവും (Production and Marketing Incentive - PMI)</u><br>പൊതുമേഖലാ സംരംഭ ങ്ങളായ കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ്, മാറ്റ്സ് & മാറ്റിംഗ്സ് സഹകരണസംഘങ്ങൾ, പ്രാഥമിക കയർ സഹകരണസംഘങ്ങൾ എന്നിവ വഴി കയറിന്റേയും റബ്ബർ അധിഷ്ഠിത കയർ ഉൾപ്പന്നങ്ങളും കയർ ഭൂവസ്ത്രങ്ങൾ ഉൾപ്പെടെയുള്ള കയറുൽപ്പന്ന ങ്ങളുടേയും സ്ഥിരമായ ഉൽപ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതി ന് ഈ പദ്ധതി ലക്ഷ്യമിടുന്നു.<br><u>7. വില വ്യതിയാനം പരിഹരിക്കുന്ന തിനുള്ള ഫണ്ട്</u><br>കയറുൽപ്പന്നങ്ങളുടേയും കയറിന്റെയും ചകിരിയുടേയും വില സ്ഥിരതയ്ക്കു വേണ്ടി യും വിലവ്യതിയാനം പരിഹരിക്കുന്നതിനു വേണ്ടിയും പദ്ധതി ലക്ഷ്യമിടുന്നു. ഉൽപ്പാദനചെലവിന് അനുസൃതമായ വിലയ്ക്ക് ഉൽപ്പന്നങ്ങൾ സംഭരിക്കുന്ന തിനും/ഉൽപ്പാദിപ്പിക്കുന്നതിനും കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും കമ്പോള വിലയ്ക്ക് വിൽക്കുമ്പോഴു ണ്ട ാകുന്ന നഷ്ടം പരിഹരിക്കുന്നതിനും പ ദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു.<br><u>8. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം</u><br>കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| ബി) ഈ പദ്ധികൾക്കായി കേന്ദ്ര സർക്കാരിൽനിന്നം ലഭിക്കന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കമോ? | ബി) മേൽപ്പറഞ്ഞ പദ്ധതികളിൽ "കയറും, കയറുൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം" (Market Development Assistancc - MDA) എന്ന പ ദ്ധതിയ്ക്കു മാത്രമാണ് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ